ശ്രീ. ഇട്ട്യേര അയ്യക്കൻ: നിലക്കടലപിണ്ണാക്ക് ഞങ്ങൾ സപ്ലൈ ചെയ്യുന്നു.

ശ്രീ. ഇ. ജാൺ പിലിപ്പോസ്: അതു ടെണ്ടർ വിളിച്ചാണ് കൊടുത്തിട്ടുള്ളതു്.

ശ്രീ. ഇട്ട്യേര അയ്യക്കൻ: അതു് പ്രൊഡ്യൂസ് ചെയ്യുന്നതു് ഏതു കമ്പനിക്കാരാണു്?

ശ്രീ. ഇ. ജാൺപിലിപ്പോസ്: അതു് അറിഞ്ഞുകൂടാ. ഏതെങ്കിലും കമ്പനിക്കാർ പ്രൊഡ്യൂസു് ചെയ്യുകയാണെങ്കിൽ വേണ്ട പ്രോത്സാഹനം നൽകുന്നതാണു്.

ശ്രീ. ഇട്ട്യേര അയ്യക്കൻ: എറണാകുളത്തെ ടാറാ കമ്പനിക്കാർ ഇതു് ഉണ്ടാകുന്നുണ്ടെന്നു അറിയാമോ?

ശ്രീ. ഇ. ജാൺ പിലിപ്പോസ്: അതു് അവിടെ ഇപ്പോൾ അവൈലബിൾ അല്ലെന്നാണു് അറിയുന്നതു്.

ശ്രീ. മാന്നാർ ഗോപാലൻനായർ: ഏതെല്ലാം വളങ്ങൾ ഏതെല്ലാം സ്ഥലങ്ങളിൽ വിതരണം ചെയ്യുന്നു എന്നു അറിയാമോ?

ശ്രീ. ഇ. ജാൺ പിലിപ്പോസ്: എല്ലായിടത്തും ഒരുപോലെയാണു് വിതരണം ചെയ്യുന്നതു്.

ഫാറസ്റ്റ് വെട്ടി കൃഷിയോടങ്ങിട്ടുള്ള സ്ഥലങ്ങൾ

*൩൭. (ചോ) ശ്രീ. കോന്നനാട്ടു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യകേരളസംസ്ഥാനത്തിൽ എത്ര ഏക്കർ സ്ഥലത്തിൽ ഫാറസ്റ്റ് വെട്ടി കൃഷിയോടങ്ങിയിട്ടുണ്ടു്;

(ബി) അതിൽ ഉദ്ദേശം എത്ര പറ നെല്ലു് കൂടുതൽ ഉല്പാദനം ഉണ്ടാകും?

(സി) അപ്രകാരമുള്ള കൃഷിക്കു ഗവൺമെണ്ടിൽ നിന്നും എന്തു സഹായധനം ചെയ്തു?

മരാമത്തും ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ പിലിപ്പോസ്): (എ) ഉദ്ദേശം ൨൯,൫൦൦ ഏക്കർ വനം ഇപ്പോൾ കൃഷി ചെയ്തിട്ടുണ്ടു്.

(ബി) ആ സ്ഥലത്തുനിന്നും ൭,൫൦,൦൦൦ പറ നെല്ലു് കൊല്ലംതോറും, രണ്ടുമുതുകൊല്ലങ്ങൾക്കു് ഉല്പാദിപ്പിക്കാമെന്നാണു് ഗവൺമെണ്ടു പ്രതീക്ഷിക്കുന്നതു്.

(സി) ധനസഹായം ഒന്നും ചെയ്തിട്ടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഈ വനങ്ങളിൽ ഉണ്ടായിരുന്ന തടി വിറ്റ വകയിൽ എന്തു് വരവുണ്ടായിരുന്നു?

ശ്രീ. ഇ. ജാൺ പിലിപ്പോസ്: അതു് എനിക്കു നിശ്ചയമില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കൊച്ചുവീതത്തുനിന്നും എത്ര നെല്ലു് വിളയിക്കാമെന്നു് പ്രതീക്ഷിക്കുന്നു?

ശ്രീ. ഇ. ജാൺ പിലിപ്പോസ്: പ്രത്യേകം കണക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly